**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2509 | 06.12.2018-ലെ മറുപടിയ്ക്ക്

**ദേശീയ കായിക മേളകളിൽ മെഡൽ നേടുന്നവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ദേശീയ കായിക മേളകളിൽ മെഡൽ നേടുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത്; ഇത്തരം കായിക താരങ്ങൾക്ക് സർക്കാർ ജോലി നൽകുന്ന പദ്ധതി നിലവിലുണ്ടോ; | (എ) | ദേശീയ അന്തർദേശീയ മത്സരങ്ങളിൽ കേരളത്തെ പ്രതിനിധീകരിച്ച് വിജയികളാകുന്ന മലയാളികളായ കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകി വരുന്നുണ്ട്.<br>മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്ക് നിയമനത്തിനായി അപേക്ഷ ക്ഷണിക്കുകയും ലഭ്യമായ അപേക്ഷകൾ വിശദമായി പരിശോധിച്ച് അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കി അസ്സൽ സർട്ടിഫിക്കറ്റുകൾ പരിശോധന നടത്തുകയും, നിയമന നടപടികൾ അവസാനഘട്ടത്തിലുമാണ്. 2015, 2016, 2017 കാലയളവിലെ സ്പോർട്സ് ക്വാട്ടാ നിയമനം നടത്തുവാൻ വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. കൂടാതെ ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ.സി.കെ.വിനീതിന് സെക്രട്ടറിയേറ്റിൽ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമിലെ സി.കെ.രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്. <br>കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമംഗങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിയിട്ടുള്ളതും ജോലിയില്ലാത്ത 11 ടീമംഗങ്ങൾക്ക് സർക്കാർ ജോലി നൽകുവാൻ തീരുമാനിച്ചിട്ടുള്ളതുമാണ്. <br>ഒഡീഷ്യയിലെ ഭുവനേശ്വരിൽ വച്ച് നടന്ന 22-ാമത് ഏഷ്യൻ അത്ലറ്റിക് ചാമ്പ്യൻഷിപ്പിൽ 1500 മീറ്ററിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കിയ മലയാളി കായിക താരം കുമാരി പി.യു.ചിത്രയ്ക്ക് തുടർ പരിശീലന ചെലവിലേയ്ക്കായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ എലൈറ്റ് സ്കീമിൽ ഉൾപ്പെടുത്തി പ്രതിദിനം 500/-രൂപയും, മികച്ച കായിക താരങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഡോ.എ.പി.ജെ അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിമാസം 10,000/-രൂപയും അനുവദിച്ചിട്ടുണ്ട്. <br>ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്ക് വേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിയിട്ടുണ്ട്. ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്ക് വേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്ക് സർക്കാർ ജോലി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ദേശീയ/അന്തർദേശീയ മത്സരങ്ങളിൽ വിജയികളായ കായികതാരങ്ങൾക്ക് 2013-14 മുതൽ 2015-16 വരെ കുടിശ്ശികയായിരുന്ന ക്യാഷ് അവാർഡ് തുകയായ 2,42,36,440/-രൂപയും വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ദേശീയ ബധിര കായിക മേളകളിൽ മെഡൽ നേടുന്നവർക്കും ഇത്തരത്തിൽ ആനുകൂല്യം നൽകുന്നുണ്ടോ; എങ്കിൽ അർഹരായ എല്ലാ കായിക താരങ്ങൾക്കും ഈ ആനുകൂല്യം നൽകിയിട്ടുണ്ടോ; | (ബി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകൃത സംഘടനയായ **"സ്പോർട്സ് കൗൺസിൽ ഓഫ് ഡഫ്"**നെ പ്രതിനിധീകരിച്ച് ദേശീയ-അന്തർദേശീയ മത്സരങ്ങളിൽ മെഡൽ നേടുന്ന കായിക താരങ്ങൾക്ക് ക്യാഷ് അവാർഡും കൂടാതെ ദേശീയ ബധിര കായിക മേളകളിൽ കേരളത്തിൽ നിന്നും പങ്കെടുത്ത് മെഡൽ നേടുന്ന കായിക |

| | | | |
|---|---|---|---|
| • | | | താരങ്ങൾക്ക് ആവശ്യമായ ആനുകൂല്യങ്ങളും നൽകി വരുന്നു. |
| (സി) | ജാർഖണ്ഡിൽ വച്ച് നടന്ന ദേശീയ ബധിര കായികമേളയിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് മെഡൽ നേടിയ ജിതിൻ കൃഷ്ണ.കെ.പി. എന്ന കായിക താരത്തിന് സർക്കാർ ജോലി നൽകണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ അപേക്ഷയിൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ; സർക്കാർ വാഗ്ദാനം ചെയ്ത പ്രകാരമുള്ളതും പദ്ധതി പ്രകാരമുള്ളതുമായ ആനുകൂല്യങ്ങൾ അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഉണ്ട്. പ്രസ്തുത അപേക്ഷ വിശദമായി പരിശോധിക്കുകയുണ്ടായി. സ്പോർട്സ് ക്വാട്ട നിയമന പദ്ധതി പ്രകാരം സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നത്, കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിലൂടെ അപേക്ഷ ക്ഷണിച്ച്, സെലക്ട് ലിസ്റ്റ് തയ്യാറാക്കി മുൻഗണനാ ക്രമത്തിൽ ഓരോ തസ്തികയ്ക്കും നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിലാണ്. ആയതിനാൽ സർക്കാർ സർവ്വീസിൽ സ്പോർട്സ് ക്വാട്ട മുഖേനയുള്ള നിയമനത്തിന് പരിഗണിക്കുന്നതിനായി ഇത് സംബന്ധിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുന്ന അവസരത്തിൽ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതാണ് എന്ന വിവരം അപേക്ഷകനെ അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**